©
കേരള സർക്കാർ
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 15
Vol. XV

തിരുവനന്തപുരം,
ബുധൻ
Thiruvananthapuram,
Wednesday

2026 ഫെബ്രുവരി 04
04th February 2026
1201 മകരം 21
21st Makaram 1201
1947 മാഘം 15
15th Magha 1947

നമ്പർ
No.
443

കേരള സർക്കാർ

വ്യവസായ (ബി) വകുപ്പ്

വിജ്ഞാപനം

സ.ഉ. (അച്ചടി) നമ്പർ 1/2026/വ്യവ.
എസ്. ആർ. ഒ. നമ്പർ 149/2026

തിരുവനന്തപുരം, 2026 ജനുവരി, 7
1201 ധനു, 23
1947 പൌഷം, 17.

2019 ജൂൺ 19-ാം തീയതിയിലെ സ.ഉ. (അച്ചടി) നമ്പർ 12/2019/വ്യവ. ഉത്തരവിൻ കീഴിൽ പുറപ്പെടുവിച്ചിട്ടുള്ളതും 2019 സെപ്റ്റംബർ 2-ാം തീയതിയിലെ 2067-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 596/2019 ആയി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപന പ്രകാരം കിൻഫ്രയുടെ കൈവശത്തിലും ഉടമസ്ഥതയിലുള്ളതുമായ കണ്ണൂർ ജില്ലയിലെ ഇരിട്ടി താലൂക്കിലെ കോളാരി വില്ലേജിലും

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

തലശ്ശേരി താലൂക്കിലെ കീഴല്ലൂർ വില്ലേജിലുമായുള്ള 5207.64 ആർ (128.6835 ഏക്കർ) ഭൂമി ഉൾപ്പെടുന്ന പ്രദേശത്തെ സംസ്ഥാനത്തെ ഒരു വ്യവസായ പ്രദേശമായി പ്രഖ്യാപിക്കുകയും പ്രസ്തുത വ്യവസായ പ്രദേശത്തിൽ വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും വിപുലീകരിക്കുന്നതിനും വൈവിദ്ധ്യ വൽക്കരിക്കുന്നതിനും, ആധുനികവത്ക്കരിക്കുന്നതിനും വിവിധ സംസ്ഥാന നിയമങ്ങൾ പ്രകാരം ആവശ്യമായിവരുന്ന വിവിധതരം ലൈസൻസുകൾ, ക്ലിയറൻസുകൾ അഥവാ സർട്ടിഫിക്കറ്റുകൾ എന്നിവ അവയുടെ പുതുക്കൽ ഉൾപ്പെടെ വേഗത്തിൽ നൽകുന്നതിനായി പ്രസ്തുത പ്രദേശത്തിനുവേണ്ടി "കിൻഫ്ര ഇൻഡസ്ട്രിയൽ പാർക്ക് മട്ടന്നൂർ, കണ്ണൂർ വ്യവസായ പ്രദേശ ഏകജാലക ക്ലിയറൻസ് ബോർഡ്" എന്ന പേരിൽ ഒരു ഏകജാലക ക്ലിയറൻസ് ബോർഡ് രൂപീകരിച്ചിട്ടുള്ളതിനാലും;

മേൽപ്പറഞ്ഞ ഭൂമിയുടെ സമീപത്തുള്ളതും കിൻഫ്ര വിലയ്ക്ക് വാങ്ങിയതും കിൻഫ്ര ഇൻഡസ്ട്രിയൽ പാർക്ക് മട്ടന്നൂർ പ്രോജെക്റ്റിന്റെ ഭാഗമാകുന്നതുമായ 1860.69 ആർ (45.9786 ഏക്കർ) ഭൂമി കൂടി സംസ്ഥാനത്തെ ഒരു വ്യവസായ പ്രദേശമായി പ്രഖ്യാപിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുള്ളതിനാൽ ആയതുകൂടി വ്യവസായ പ്രദേശമായി വിജ്ഞാപനം ചെയ്യേണ്ടതുള്ളതിനാലും;

ഇപ്പോൾ, അതിനാൽ, 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്റ്റിലെ (2000-ലെ 5) 2-ാം വകുപ്പ് (എഫ്) ഖണ്ഡം പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട്, കേരള സർക്കാർ, താഴെ പറഞ്ഞിട്ടുള്ള കണ്ണൂർ ജില്ലയിലെ തലശ്ശേരി താലൂക്കിലെ കീഴല്ലൂർ, പട്ടാന്നൂർ വില്ലേജുകൾ, ഇരിട്ടി താലൂക്കിൽ കോളാരി വില്ലേജുകളിലുമായുള്ള കിൻഫ്രയുടെ ഉടമസ്ഥതയിലുള്ള 1860.69 ആർ (45.9786 ഏക്കർ) ഭൂമിയെക്കൂടി സംസ്ഥാനത്തെ ഒരു വ്യവസായ പ്രദേശമായി ഇതിനാൽ പ്രഖ്യാപിക്കുകയും 2019 ജൂൺ 19-ാം തീയതിയിലെ സ.ഉ. (പി) നമ്പർ 12/2019/വ്യവ. ഉത്തരവിൻകീഴിൽ പുറപ്പെടുവിച്ചിട്ടുള്ളതും 2019 സെപ്റ്റംബർ 2-ാം തീയതിയിലെ 2067-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 596/2019 ആയി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപനം താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യുകയും ചെയ്യുന്നു, അതായത്:—

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഭേദഗതി

പ്രസ്തുത വിജ്ഞാപനത്തിൽ,—

(1) പ്രാരംഭ ഭാഗത്ത് “5207.64”, “128.6835” എന്ന അക്കങ്ങൾക്കും ചിഹ്നങ്ങൾക്കും പകരം “7068.33”, “174.6621” എന്ന അക്കങ്ങളും ചിഹ്നങ്ങളും യഥാക്രമം ചേർക്കേണ്ടതാണ്;

(2) പട്ടിക II-ൽ,—

(i) കീഴല്ലൂർ വില്ലേജിലെ ഭൂമിയുടെ പട്ടികയിൽ, 3-ാം ക്രമനമ്പരിനു ശേഷം താഴെപ്പറയുന്ന ക്രമനമ്പറും ഉൾക്കുറിപ്പുകളും കോളം (1), (2), (3), (4), (5)-ൽ യഥാക്രമം ചേർക്കേണ്ടതാണ്, അതായത്:—

“

3 എ	..	24/1	378.01	9.3408
3 ബി	..	32/1	25.18	0.6222
3 സി	..	35Pt	97.82	2.4172
3 ഡി	..	37/1	56.51	1.3964
3 ഇ	..	38/1	4.45	0.1100
3 എഫ്	..	38/2	17.80	0.4398
3 ജി	..	38/3	13.84	0.3420
3 എച്ച്	..	41 Pt	288.85	7.1376
3 ഐ	..	43/1	10.23	0.2528
3 ജെ	..	43/1	9.70	0.2397
3 കെ	..	43/1	14.17	0.3501
3 എൽ	..	43/1	309.81	7.6556

”;

(ii) കോളാരി വില്ലേജിലെ ഭൂമിയുടെ പട്ടികയിൽ,—

(എ) 10-ാം ക്രമനമ്പറിനു ശേഷം താഴെപ്പറയുന്ന ക്രമനമ്പറുകളും ഉൾക്കുറിപ്പുകളും കോളം (1), (2), (3), (4), (5)-ൽ യഥാക്രമം ചേർക്കേണ്ടതാണ്, അതായത്:—

“

11	..	19	31.10	0.7685
12	..	22/2	42.49	1.0499
13	..	22/4	32.37	0.7999
14	..	25/4	84.29	2.0828

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

15	..	30/3	10.06	0.2486
16	..	30/3	7.01	0.1732
17	..	30/3	1.84	0.0455
18	..	83	37.69	0.9313
19	..	83	28.45	0.7030
20	..	84	276.44	6.8310
21	..	92/1	38.60	0.9538
22	..	93Pt	26.87	0.6640

” ;

(ബി) “ആകെ”, “5207.64”, “128.6835” എന്ന വാക്കും അക്കങ്ങളും ചിഹ്നങ്ങളും വിട്ടുകളയേണ്ടതാണ്;

(iii) അവസാന ഭാഗത്ത് താഴെപ്പറയുന്ന പട്ടിക കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

“

ജില്ല—കണ്ണൂർ.				
താലൂക്ക്—തലശ്ശേരി.			*വില്ലേജ്*—പട്ടാന്നൂർ.	
ക്രമനമ്പർ	*റീസർവ്വേ ബ്ലോക്ക് നമ്പർ*	*റീസർവ്വേ നമ്പർ*	*ഭൂമിയുടെ വിസ്തീർണ്ണം (ആറിൽ)*	*ഭൂമിയുടെ വിസ്തീർണ്ണം (ഏക്കറിൽ)*
(1)	(2)	(3)	(4)	(5)
23	..	73	14.62	0.3613
24	..	73	2.49	0.0615
ആകെ			**7068.33**	**174.6621**

” .

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

എ. പി. എം. മുഹമ്മദ് ഹനീഷ് ഐ. എ. എസ്.,

ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതുവായ ലക്ഷ്യം വെളിപ്പെടുത്തുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2019 ജൂൺ 19-ാം തീയതിയിലെ സ.ഉ. (പി) നമ്പർ 12/2019/വ്യവ. ഉത്തരവിൻ കീഴിൽ പുറപ്പെടുവിച്ചിട്ടുള്ളതും 2019 സെപ്റ്റംബർ 2-ാം തീയതിയിലെ 2067-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 596/2019 ആയി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപന പ്രകാരം കിൻഫ്രയുടെ കൈവശത്തിലും ഉടമസ്ഥതയിലുള്ളതുമായ കണ്ണൂർ ജില്ലയിലെ തലശ്ശേരി താലൂക്കിലെ കീഴല്ലൂർ വില്ലേജിലും ഇരിട്ടി താലൂക്കിലെ കോളാരി വില്ലേജിലുമായുള്ള 5207.64 ആർ (128.6835 ഏക്കർ) ഭൂമി ഉൾപ്പെടുന്ന പ്രദേശത്തെ വ്യവസായ പ്രദേശമായി പ്രഖ്യാപിച്ചിട്ടുള്ളതാണ്. തുടർന്ന് പ്രസ്തുത ഭൂമിയുടെ സമീപത്തുള്ളതും കിൻഫ്ര വിലയ്ക്ക് വാങ്ങിയതുമായ 1860.69 ആർ (45.9786 ഏക്കർ) ഭൂമിയെക്കൂടി സംസ്ഥാനത്തെ ഒരു വ്യവസായ പ്രദേശമായി പ്രഖ്യാപിക്കുന്നതിനും പ്രസ്തുത പ്രദേശത്തെ "കിൻഫ്ര ഇൻഡസ്ട്രിയൽ പാർക്ക് മട്ടന്നൂർ, കണ്ണൂർ വ്യവസായ പ്രദേശ ഏകജാലക ക്ലിയറൻസ് ബോർഡ്"-ന്റെ കീഴിൽ ഉൾപ്പെടുത്തുന്നതിനുമായി പ്രസ്തുത വിജ്ഞാപനം അനുയോജ്യമായ രീതിയിൽ ഭേദഗതി ചെയ്യുന്നതിന് സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

GOVERNMENT OF KERALA

Industries (B) Department

NOTIFICATION

G. O. (P) No. 1/2026/ID. *Dated, Thiruvananthapuram, 7th January, 2026*
23rd Dhanu, 1201
17th Pousha, 1947.

S. R. O. No. 149/2026

WHEREAS, vide G. O. (P) No. 12/2019/ID, dated 19th June, 2019 and published as S.R.O. No. 596/2019 in the Kerala Gazette Extraordinary No. 2067 dated 2nd September, 2019 the Government had declared 5207.64 Ares (128.6835 Acres) of land comprised in Keezhallur Village in Thalassery Taluk and Kolari Village in Iritty Taluk in Kannur District, owned and possessed by KINFRA, as an Industrial Area of the State and a Single Window Clearance Board known as "KINFRA Industrial Park, Mattannur, Kannur Single Window Clearance Board" had been constituted for the purpose of speedy issue of various licenses, clearances or certificates including renewal thereof required under various State enactments for setting up, running, expansion, diversification and modernisation of enterprise;

AND WHEREAS, the Government of Kerala have decided to declare an area of 1860.69 Ares (45.9786 Acres) of land adjacent to the above said land, purchased by KINFRA and is part of the KINFRA Industrial Park, Mattannur Project, as an industrial area of the State which is also to be notified as an industrial area;

NOW, THEREFORE, in exercise of the powers conferred by clause (f) of section 2 of the Kerala Industrial Single Window Clearance Boards and Industrial Township Area Development Act, 1999 (5 of 2000), the Government of Kerala hereby declare 1860.69 Ares (45.9786 Acres) of land comprised in Keezhallur and Pattannur Village in Thalassery Taluk and Kolari Village in Iritty Taluk in Kannur District purchased by KINFRA Industrial Park, Mattannur, Kannur as specified below as part of Industrial Area, and make the following amendment to the notification issued under G. O. (P) No. 12/2019/ID, dated 19th June, 2019 and published as S. R. O. No. 596/2019 in the Kerala Gazette Extraordinary No. 2067 dated 2nd September, 2019, namely:—

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

AMENDMENT

In the said notification,—

(1) in the introductory part, for the figures and symbols “5207. 64”, “128.6835”, the figures and symbols “7068.33”, “174.6621” shall respectively be substituted;

(2) in the Schedule II,—

(i) in the table listing the land in Keezhallur Village after Serial No. 3, in column No (1), (2), (3), (4), (5) the following serial numbers and entries shall respectively be inserted, namely:—

“

3 a	..	24/1	378.01	9.3408
3 b	..	32/1	25.18	0.6222
3 c	..	35Pt	97.82	2.4172
3 d	..	37/1	56.51	1.3964
3 e	..	38/1	4.45	0.1100
3 f	..	38/2	17.80	0.4398
3 g	..	38/3	13.84	0.3420
3 h	..	41 Pt	288.85	7.1376
3 i	..	43/1	10.23	0.2528
3 j	..	43/1	9.70	0.2397
3 k	..	43/1	14.17	0.3501
3 l	..	43/1	309.81	7.6556

” ;

(ii) In the table listing the land in Kolari Village,—

(a) after Serial No. 10, in column No. (1), (2), (3), (4), (5) the following serial numbers and entries shall respectively be inserted, namely:—

“

11	..	19	31.10	0.7685
12	..	22/2	42.49	1.0499
13	..	22/4	32.37	0.7999
14	..	25/4	84.29	2.0828
15	..	30/3	10.06	0.2486
16	..	30/3	7.01	0.1732

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

17	..	30/3	1.84	0.0455
18	..	83	37.69	0.9313
19	..	83	28.45	0.7030
20	..	84	276.44	6.8310
21	..	92/1	38.60	0.9538
22	..	93Pt	26.87	0.6640

”;

(b) the word and figures “Total”, “5207.64”, “128.6835”, shall be omitted;

(iii) towards the end the following table shall be inserted, namely:—

“

District—Kannur.				
Taluk—Thalassery.			*Village*—Pattannur.	
Sl. No.	*Resurvey Block No.*	*Resurvey No.*	*Extent of land (in Ares)*	*Extent of land (in Acres)*
(1)	(2)	(3)	(4)	(5)
23	..	73	14.62	0.3613
24	..	73	2.49	0.0615
Total			**7068.33**	**174.6621**

”.

By order of the Governor,

A. P. M. MOHAMMED HANISH I.A.S.,
Additional Chief Secretary to Government.

Explanatory Note

(This does not form part of the notification, but is intended to indicate its general purport.)

As per G. O. (P) No. 12/2019/ID. dated 19th June, 2019 and published as S. R. O. No. 596/2019 in the Kerala Gazette Extraordinary No. 2067 dated 2nd September, 2019, the Government had declared 5207.64 Ares (128.6835 Acres) of land comprised in Keezhallur

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Village in Thalassery Taluk and Kolari Village in Iritty Taluk in Kannur District, owned and possessed by KINFRA, as an Industrial Area. Later the Government have decided to declare and include an extent of 1860.69 Ares (45.9786 Acres) of land adjacent to the said land, purchased by KINFRA, as an Industrial Area and also decided to include the above said area within the "KINFRA Industrial Park, Mattannur, Kannur Single Window Clearance Board" and to make suitable amendments to the above said notification.

The notification is intended to achieve the above object.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.02.04 08:05:31 +05:30